പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5135 02.07.2013 ൽ മറുപടിക്ക്

# അരൂർ മണ്ഡലത്തിലെ കോളനികളിലെ അപകടകരമായ നിലയിലുള്ള വൈദ്യുതി ലൈനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) അരൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാരും മറ്റ് പിന്നോക്ക വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന കോളനികളിലും വൈദ്യുതി ലൈനുകൾ അപകടകരമായ രീതിയിൽ കടന്നുപോകുന്നതും അവർക്ക് അവിടെ ഗൃഹനിർമ്മാണം നടത്തുന്നതിനോ വീടുകൾ പുതുക്കി പണിയുന്നതിനോ സാധ്യമല്ലാത്ത രീതിയിൽ വൈദ്യുതി ലൈനുകൾ സ്ഥിതിചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷയെ മുൻനിർത്തി, പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് ഈ ലൈനുകൾ അനുയോജ്യമായ രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി)യും.<br><br>ഉണ്ട്. കോളനികളിൽ ചിലതിൽ പുതുക്കിയ ഗൃഹ നിർമ്മാണവും വീടുകൾ പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് ലൈനുകൾ മാറ്റി സ്ഥാപിക്കണമെന്നുള്ള ആവശ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ നിന്നുമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ ക്ലിയറൻസ് നിലനിർത്തുന്നതിനുവേണ്ട സത്വര നടപടികൾ ബോർഡ് സ്വീകരിക്കാറുണ്ട്. നിലവിലുള്ള നിയമപ്രകാരം വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നത് വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിലാണ്. ഇതിന് വേണ്ടിവരുന്ന തുക അപേക്ഷകൻ മുൻകൂറായി ബോർഡിൽ അടയ്ക്കേണ്ടതാണ്. |

(.....)

എന്നാൽ 14.01.2009 ലെ ബോർഡ് ഉത്തരവ് പ്രകാരം ജനവാസമുള്ള പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ ആവശ്യകത ബോദ്ധ്യപ്പെടുന്ന പക്ഷം പൊതുവഴിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഇതിന് നിലവിലുള്ള ലൈനുകളെ അപേക്ഷിച്ച് ദൈർഘ്യം കുറഞ്ഞ മറ്റൊരു റൂട്ടിലൂടെ ലൈൻ വലിക്കുവാൻ സാധിക്കണം. കൂടാതെ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും വേണം.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നകാര്യം പ്രസ്തുത വകുപ്പിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ